**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1519** **07-02-2023 - ൽ മറുപടിയ്ക്ക്**

**അയ്യൻകുഴിയിലെ സ്ഥലമേറ്റെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ബി.പി.സി.എൽ കമ്പനി മൂലം ഒറ്റപ്പെട്ടുപോയ വടവുകോട് പുത്തൻ കുരിശ് പഞ്ചായത്തിലെ അയ്യൻകുഴി നിവാസികളുടെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ജനകീയ സമിതി സമർപ്പിച്ച ഡബ്ല്യു.പി.(സി) നം.7268/2013 ഹർജിയിൽ പ്രസ്തുത സ്ഥലം സർക്കാരിലേക്ക് ഏറ്റെടുക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാൻ 2021 സെപ്റ്റംബർ 15-ാം തീയതി ബഹു. ഹൈക്കോടതി നിർദ്ദേശിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വടവുകോട് പുത്തൻകുരിശ് പഞ്ചായത്തിലെ അയ്യൻകുഴി നിവാസികളുടെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ജനകീയസമിതി സമർപ്പിച്ച WP(c) 7268/13 നമ്പർ ഹർജിയിൽ 15.09.2021 ഇടക്കാല ഉത്തരവിന് ശേഷം 08.04.2022 തീയതിയിൽ ബഹു. കേരള ഹൈക്കോടതിയുടെ വിധി ഉണ്ടായിട്ടുള്ളതാണ്.<br><br>പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 05.05.2022 നടന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാകളക്ടർ Pollution Control Board, KSWMP & Suchitwa Mission എന്നിവയുടെ പ്രതിനിധികൾക്കൊപ്പം പ്രസ്തുത പ്രദേശം സന്ദർശിച്ച് HOCL, BPCL എന്നീ സ്ഥാപനങ്ങളുമായും ഹർജിക്കാരുമായും ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശം e-waste recycling plant purpose ന് ഉപയോഗിക്കാമെന്നുള്ള ശുപാർശ സമർപ്പിക്കുകയുണ്ടായി.<br><br>തുടർന്ന് ബഹു ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 04/11/2022-ൽ ഈ വിഷയവുമായി ബന്ധപ്പെട്ട് വീണ്ടും യോഗം കൂടിയിട്ടുള്ളതും, പ്രസ്തുത യോഗത്തിൽ E- waste മാനേജ്മെന്റ് പദ്ധതി വേൾഡ് ബാങ്ക് പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ, ആയത് നടപ്പാക്കുന്നതിന് വേൾഡ് ബാങ്കിന്റെ അനുമതി ആവശ്യമാണെന്നും, അനുമതി ലഭ്യമായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്നും KSWMP പ്രോജെക്റ്റ് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വേൾഡ് ബാങ്കിന്റെ അനുമതി ലഭ്യമായതിന് ശേഷം |

| | | | |
|---|---|---|---|
| | | | വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ബി) | ബഹു. ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വടവുകോട് പുത്തൻകുരിശ് പഞ്ചായത്തിലെ അയ്യൻകുഴി നിവാസികളുടെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ജനകീയസമിതി സമർപ്പിച്ച WP(c) 7268/13 നമ്പർ ഹർജിയിൽ 15.09.2021 ഇടക്കാല ഉത്തരവിന് ശേഷം 08.04.2022 തീയതിയിൽ ബഹു. കേരള ഹൈക്കോടതിയുടെ വിധി ഉണ്ടായിട്ടുള്ളതാണ്.<br><br>പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 05.05.2022 നടന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാകളക്ടർ Pollution Control Board, KSWMP & Suchitwa Mission എന്നിവയുടെ പ്രതിനിധികൾക്കൊപ്പം പ്രസ്തുത പ്രദേശം സന്ദർശിച്ച് HOCL, BPCL എന്നീ സ്ഥാപനങ്ങളുമായും ഹർജിക്കാരുമായും ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശം e-waste recycling plant purpose ന് ഉപയോഗിക്കാമെന്നുള്ള ശുപാർശ സമർപ്പിക്കുകയുണ്ടായി.<br><br>തുടർന്ന് ബഹു ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 04/11/2022-ൽ ഈ വിഷയവുമായി ബന്ധപ്പെട്ട് വീണ്ടും യോഗം കൂടിയിട്ടുള്ളതും, പ്രസ്തുത യോഗത്തിൽ E- waste മാനേജ്മെന്റ് പദ്ധതി വേൾഡ് ബാങ്ക് പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ, ആയത് നടപ്പാക്കുന്നതിന് വേൾഡ് ബാങ്കിന്റെ അനുമതി ആവശ്യമാണെന്നും, അനുമതി ലഭ്യമായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്നും KSWMP പ്രോജെക്ട് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വേൾഡ് ബാങ്കിന്റെ അനുമതി ലഭ്യമായതിന് ശേഷം വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ